(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ കൂട്ടിച്ചേർക്കപ്പെട്ട പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിലേക്ക് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ ;

(സി) ഭരണപരമായ സൗകര്യം മുൻ നിർത്തി മേൽപ്പറഞ്ഞ നടപടി പൂർത്തീകരിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു മാറ്റവും ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിലവിലുള്ള ഭരണ സമിതിയുടെ കാലാവധി തീരുന്നമുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

തൊഴിലുറപ്പ് പദ്ധതി

56 (1491) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അതിൻപ്രകാരം എത്രപേർ പണിയെടുക്കുന്നു ;

(ബി) 2013-14 സാമ്പത്തികവർഷം എത്രപേർക്ക് 100 ദിവസം തൊഴിൽ നൽകാൻ സാധിച്ചു ;

(സി) നടപ്പുവർഷം പ്രസ്തുത പദ്ധതിക്ക് നാളിതുവരെ ലഭിച്ച കേന്ദ്രസഹായം എത്ര ; നാളിതുവരെ എന്ത് തുക സംസ്ഥാന വിഹിതമായി നൽകി ; വ്യക്തമാക്കുമോ ;

(ഡി) തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുത്തവർക്ക് കൂടിശ്ശികയിനത്തിൽ നൽകാനുള്ള തുക എത്ര ; ഏത് മാസം മുതലുള്ള കൂടിശ്ശികയാണ് നൽകാനുള്ളത് ; വ്യക്തമാക്കുമോ ;

(ഇ) തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവർ എത്രയെന്ന ജില്ലതിരിച്ച് വ്യക്തമാക്കുമോ ; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബത്തെ സഹായിക്കുവാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(എഫ്) എല്ലാ തൊഴിലുറപ്പ് തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 1-12-2014 വരെ 2962973 കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും അതിൽ 1073719 കുടുംബങ്ങളിലെ 1131820 പേർക്ക് ആവശ്യാധിഷ്ഠിതമായി തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷം 406422 പേർക്ക് നൂറ് ദിവസം തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് 1-12-2014 വരെ കേന്ദ്രവിഹിതമായി 73948.46 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 4000 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുത്തവർക്ക് 1-12-2014 വരെ 224.60 കോടി രൂപ അവിദഗ്ധ വേതന കുടിശ്ശികയിനത്തിൽ നൽകാനുണ്ട്. 2014 ഒക്ടോബർ, നവംബർ മാസങ്ങളിലെ വേതനമാണ് കുടിശ്ശികയായിട്ടുള്ളത്.

(ഇ) തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കിടെ മരണപ്പെട്ടവരുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു. പണി സ്ഥലത്തുവച്ച് അപകട മരണം സംഭവിച്ചാൽ അവകാശികൾക്ക് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള എക്സ്ഗ്രേഷ്യയ്ക്ക് അവകാശമുണ്ടായിരിക്കും.

(എഫ്) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 15 ദിവസം പണിയെടുത്ത തൊഴിലാളികൾക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പ്രകാരമുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം

57 (1493) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;